# G20 Sherpa, Shri Piyush Goyal holds Special Briefing from Rome

October 30, 2021

---

## ജി20 ഷേർപ , റോമിൽ നിന്നും ശ്രീ പിയുഷ് ഗോയലിന്റെ പ്രത്യേക സംഗ്രഹം

ഒക്ടോബർ 30, 2021

ജി 20 ഉച്ചകോടിയുടെ തലേ ദിവസമായ ഇന്ന്, ആഗോള ആശങ്കകളെക്കുറിച്ചുള്ള ഇന്ത്യയുടെ നേതൃത്വത്തിനും വിവിധ വിഷയങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾക്കും ശക്തമായ പിന്തുണ ലഭിക്കുന്നു - ശ്രീ പീയൂഷ് ഗോയൽ

ഇപ്പോൾ നടക്കുന്ന ഷെർപ്പമാരുടെ യോഗത്തിന്റെ അജണ്ട, ജി 20 ഉച്ചകോടിയിൽ നേതാക്കൾ അംഗീകരിക്കുനതിനുള്ള റോം പ്രഖ്യാപനത്തിന് അന്തിമരൂപം നൽകുക എന്നതാണ്, - ശ്രീ ഗോയൽ

പരിശോധനയും വാക്സിൻ സർട്ടിഫിക്കറ്റുകളും ഉൾപ്പെടെയുള്ള യാത്രാ രേഖകളുടെ പരസ്പര അംഗീകാരത്തിന് ജി20 സഹപ്രവർത്തകരിൽ നിന്ന് പിന്തുണ ലഭിക്കുന്നതിൽ സന്തോഷമുണ്ട്- ശ്രീ ഗോയൽ
സുസ്ഥിര വികസനത്തിനും ഭക്ഷ്യസുരക്ഷയ്ക്കും വേണ്ടിയുള്ള നയങ്ങൾ, ചെറുകിട പാർശ്വവൽകൃത കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കണമെന്നും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി പ്രാദേശിക ഭക്ഷ്യ സംസ്കാരങ്ങൾ സംരക്ഷിക്കണമെന്നും ഇന്ത്യ ആവശ്യപ്പെട്ടു - ശ്രീ പിയൂഷ് ഗോയൽ

ആനുപാതികമായ, ദീർഘകാല, ഇളവുകളോട് കൂടിയ കാലാവസ്ഥാ ധനസഹായം, ലാഭകരവും സുസ്ഥിരവുമായ സാങ്കേതികവിദ്യയിയുടെ ലഭ്യത, സുസ്ഥിരമായ ജീവിതശൈലിയും ഉത്തരവാദിത്തവും ഉപഭോഗ പാറ്റെണുകൾ സ്വീകരിക്കുന്നതിനുള്ള പ്രതിബദ്ധത എന്നിവ പോലുള്ള ആഗോള കാലാവസ്ഥാ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള നിർണായകമായ സഹകരണത്തിന്റെ ആവശ്യകതയെ ഇന്ത്യ പിന്തുണയ്ക്കുന്നു.- ശ്രീ ഗോയൽ
കോവിഡിന് ശേഷമുള്ള സാമ്പത്തിക വീണ്ടെടുക്കലിനുള്ള പിന്തുണ അകാലത്തിൽ പിൻവലിക്കില്ലെന്നും ഏറ്റവും ദുർബലരായ വിഭാഗങ്ങൾക്ക് ആവശ്യമായ പിന്തുണ നൽകുമെന്നും ഇന്ത്യ ഉറപ്പാക്കുന്നു - ശ്രീ ഗോയൽ

**ഡെബ്റ്റ് സർവീസ് സസ്പെൻഷൻ സംരംഭം 2021 അവസാനം വരെ നീട്ടാൻ ജി 20 സമ്മതിച്ചു, അതുവഴി ലോകമെമ്പാടുമുള്ള ആവശ്യമുള്ളവർക്കും ദുരബല വിഭാഗങ്ങൾക്കും കുറച്ച് ആശ്വാസം ലഭിക്കും- ശ്രീ പിയൂഷ് ഗോയൽ**

**ഒക്ടോബർ 30-31 തീയതികളിൽ റോമിൽ നടക്കുന്ന 16-മത് ജി-20 ഉച്ചകോടിയിൽ പ്രധാനമന്ത്രി മോദിയുടെ പങ്കാളിത്തത്തെക്കുറിച്ചുള്ള അപ്ഡേറ്റുകൾ ശ്രീ പിയൂഷ് ഗോയൽ പങ്കുവെക്കുന്നു.**

ആഗോള പ്രതിസന്ധികളിൽ ഇന്ത്യയുടെ നേതൃത്വത്തെ ജി -20 അംഗീകരിക്കുകയും വരാനിരിക്കുന്ന ഉച്ചകോടിയിൽ ഉയർന്നുവരുന്ന വിവിധ വിഷയങ്ങളിൽ ഇന്ത്യയുടെ വീക്ഷണങ്ങളെ പിന്തുണയ്ക്കുകയും ചെയ്തു," ജി 20 ഷെർപ്പകളുടെ യോഗത്തിൽ മാധ്യമങ്ങളോട് സംസാരിക്കവെ ശ്രീ പീയൂഷ് ഗോയൽ പറഞ്ഞു.ഉച്ചകോടിയിൽ നേതാക്കൾ അംഗീകരിക്കുന്ന റോം പ്രഖ്യാപനത്തിന് അന്തിമരൂപം നൽകുക എന്നതാണ് നടന്നുകൊണ്ടിരിക്കുന്ന ഷെർപ്പകളുടെ യോഗത്തിന്റെ അജണ്ട എന്നത് ശ്രദ്ധേയമാണ്

ഇറ്റലി പ്രധാനമന്ത്രി മരിയോ ഡ്രാഗിയുടെ ക്ഷണം സ്വീകരിച്ച പ്രധാനമന്ത്രി മോദി, ഇന്ന് രാവിലെ റോമിൽ എത്തി. പ്രധാനമന്ത്രിയുടെ എട്ടാമത് ജി20 ഉച്ചകോടിയാണിത്.

ജി 20 ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കുന്നതിനുള്ള അവസാന തയ്യാറെടുപ്പുകൾക്ക് മേൽനോട്ടം വഹിക്കാൻ ശ്രീ പിയൂഷ് ഗോയൽ കഴിഞ്ഞ 3 ദിവസമായി റോമിൽ ഉണ്ടായിരുന്നു.

ഇറ്റലിയിൽ, ശ്രീ പിയൂഷ് ഗോയൽ ഒക്ടോബർ 27 മുതൽ 29 വരെ ആറാമത് ജി 20 ഷെർപ്പകളുടെ യോഗത്തിൽ പങ്കെടുക്കുകയും തന്റെ ജി൨൦ tഅന്റെ തുല്യ സ്ഥാനം വഹിക്കുന്ന മറ്റുള്ള ഉദ്യോഗസ്ഥരുമായി (യുകെ, ജർമ്മനി, ഫ്രാൻസ്, ഇയു, ഇന്തോനേഷ്യ, സിംഗപ്പൂർ) ഉഭയകക്ഷി സമ്മേളനങ്ങൾ നടത്തുകയും ചെയ്തു.

അന്താരാഷ്ട്ര സഹകരണത്തിനുള്ള പ്രധാന ആഗോള ഫോറമായാണ് ജി 20 മുന്നോട്ടു വന്നിട്ടുള്ളത് എന്ന് ശ്രീ ഗോയൽ പറഞ്ഞു. ലോക ജിഡിപിയുടെ 80%, ആഗോള വ്യാപാരത്തിന്റെ 75%, ലോക ജനസംഖ്യയുടെ 60% എന്നിവയെ ജി 20 പ്രതിനിധീകരിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

'ജനത , ലോകം, സമൃദ്ധി' എന്ന പ്രമേയത്തിന് കീഴിൽ "പകർച്ചവ്യാധിയിൽ നിന്നുള്ള വീണ്ടെടുക്കലും ആഗോള ആരോഗ്യ ഭരണത്തെ ശക്തിപ്പെടുത്തലും, സാമ്പത്തിക വീണ്ടെടുക്കലും പ്രതിരോധവും, കാലാവസ്ഥാ വ്യതിയാനയും ഊർജ്ജ കൈമാറ്റവും കൂടാതെ സുസ്ഥിര വികസനവും

ഭക്ഷ്യ സുരക്ഷയും "എന്നാ വിഷയത്തിന് കീഴിലാണ് ഇറ്റലി ഈ വർഷം ജി 20 യുടെ അധ്യക്ഷസ്ഥാനം വഹിക്കുന്നത് എന്നതും ശ്രദ്ധിക്കേണ്ടതാണ്:

ഇറ്റലി തിരഞ്ഞെടുത്ത മുൻഗണനാ മേഖലകളെ ഇന്ത്യ പൂർണമായി പിന്തുണയ്ക്കുന്നുവെന്ന് മാധ്യമങ്ങളോട് സംസാരിക്കവെ ശ്രീ ഗോയൽ പറഞ്ഞു. ജി 20 ഉച്ചകോടിയിൽ നേതാക്കൾ അംഗീകരിക്കുന്ന റോം പ്രഖ്യാപനത്തിന് അന്തിമരൂപം നൽകുക എന്നതാണ് ഇപ്പോൾ സമാപിച്ച ഷെർപ്പാമാരുടെ യോഗത്തിന്റെ അജണ്ടയെന്ന് അദ്ദേഹം അറിയിച്ചു

വിപുലമായ COVID-19 പ്രതിരോധ കുത്തിവയ്പ്പ് ആഗോള പൊതുനന്മയാണെന്ന ഇന്ത്യയുടെ നിലപാട് G20 അംഗീകരിച്ചിട്ടുണ്ടെന്നും പരിശോധനയും വാക്സിൻ സർട്ടിഫിക്കറ്റുകളും ഉൾപ്പെടെയുള്ള യാത്രാ രേഖകളുടെ പരസ്പര അംഗീകാരം സംബന്ധിച്ച തന്റെ നിർദ്ദേശത്തിന് G20 സഹപ്രവർത്തകരുടെ പിന്തുണ ലഭിക്കുന്നതിൽ സന്തോഷമുണ്ടെന്നും മന്ത്രി പറഞ്ഞു.

സുസ്ഥിര വികസനവും ഭക്ഷ്യസുരക്ഷയും എന്ന വിഷയത്തിൽ, നയങ്ങൾ ചെറുകിട പാർശ്വവൽകൃത കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കണമെന്നും പ്രാദേശിക ഭക്ഷ്യ സംസ്കാരങ്ങൾ സംരക്ഷിക്കണമെന്നും ഇവ ഭക്ഷ്യ സുരക്ഷയിൽ ഗണ്യമായ സ്വാധീനം ചെലുത്തുമെന്ന് ഇന്ത്യ ഊന്നിപ്പറഞ്ഞതായി അദ്ദേഹം അറിയിച്ചു.

കാലാവസ്ഥാ വ്യതിയാനത്തെയും പരിസ്ഥിതിയെയും സംബന്ധിച്ച്, ആഗോള കാലാവസ്ഥാ പ്രവർത്തനത്തെ ശക്തിപ്പെടുത്തുന്നതിന് നിർണായക പ്രാപ്തരുടെ ആവശ്യകതയെക്കുറിച്ച് ഇന്ത്യ ശക്തമായി സംസാരിച്ചിട്ടുണ്ടെന്ന് ശ്രീ ഗോയൽ പറഞ്ഞു.

ഇവയിൽ ആനുപാതികമായ, ദീർഘകാല, ഇളവുകളോട് കൂടിയ കാലാവസ്ഥാ ധനസഹായം, ലാഭകരവും സുസ്ഥിരവുമായ സാങ്കേതികവിദ്യയുടെ ലഭ്യത, സുസ്ഥിര ജീവിതശൈലി സ്വീകരിക്കാനുള്ള പ്രതിബദ്ധത, ഉത്തരവാദിത്തതോടെയുള്ള ഉപഭോഗ ഉൽപ്പാദന രീതികൾ, വികസിത രാജ്യങ്ങൾ പ്രത്യേകമായി SDG12 ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്റെ പ്രാധാന്യം എന്നിവ ഉൾപ്പെടുന്നു.

കോവിഡിന് ശേഷമുള്ള സാമ്പത്തിക വീണ്ടെടുക്കൽ സംബന്ധിച്ച വിഷയത്തിൽ, G20 ഫ്രെയിംവർക്ക് വർക്കിംഗ് ഗ്രൂപ്പിന്റെ സഹ-ചെയർമാനെന്ന നിലയിലുള്ള , പിന്തുണ അകാലത്തിൽ പിൻവലിക്കുന്നില്ലെന്ന് ഇന്ത്യ ഉറപ്പാക്കുന്നുണ്ടെന്നും ഏറ്റവും ദുർബലരായ വിഭാഗങ്ങൾക്ക് ആവശ്യമായ പിന്തുണ നൽകുമെന്നും അദ്ദേഹം പറഞ്ഞു. ഡെബ്റ്റ് സർവീസ് സസ്പെൻഷൻ ഇനിഷ്യേറ്റീവ് 2021 അവസാനം വരെ നീട്ടാൻ ജി20 സമ്മതിച്ചു, അതുവഴി ലോകമെമ്പാടുമുള്ള ആവശ്യമുള്ളവർക്കും ദുർബലവിഭാഗങ്ങൾക്കും കുറച്ച് ആശ്വാസം ലഭിക്കും

നികുതി പരിഷ്കാരങ്ങളുടെ വിഷയത്തിൽ, ലാഭത്തിന്റെ ഉറവിടവും അവയ്ക്ക് നികുതി ചുമത്തുന്ന അധികാരപരിധിയും തമ്മിലുള്ള പൊരുത്തക്കേട് പരിഹരിക്കാൻ ഇന്ത്യ ജി20 യെ പ്രേരിപ്പിച്ചതായി ശ്രീ ഗോയൽ കൂട്ടിച്ചേർത്തു. വൻകിട ബഹുരാഷ്ട്ര കമ്പനികൾ അവയുടെ പ്രവർത്തനം നടക്കുന്ന രാജ്യത്ത് ഏറ്റവും കുറഞ്ഞ ഫലപ്രദമായ കോർപ്പറേറ്റ് നികുതി നൽകുന്നുണ്ടെന്ന് ഇത് ഉറപ്പാക്കും.

അഴിമതി വിരുദ്ധ കാര്യങ്ങളിൽ, ഈ വർഷത്തെ അഴിമതി വിരുദ്ധ വർക്കിംഗ് ഗ്രൂപ്പിന്റെ G20 സഹാധ്യക്ഷൻ എന്ന നിലയിൽ, ആസ്തികൾ വീണ്ടെടുക്കൽ, വിവരങ്ങൾ പങ്കിടൽ, നിയമ നിർവ്വഹണ സഹകരണം, സാങ്കേതികവിദ്യ കൂടാതെ ഡിനയാൽ ഓഫ് സേഫ് ഹെവൻ എന്നിവയുമായി ബന്ധപ്പെട്ട 5 ചിന്താവിഷയങ്ങൾക്കായി സംഭാവന നൽകിയിട്ടുണ്ടെന്ന് ശ്രീ ഗോയൽ പറഞ്ഞു.

സ്ത്രീ ശാക്തീകരണം, വിദ്യാഭ്യാസം, തൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വാണിജ്യ, വ്യവസായ ടെക്സ്റ്റൈൽ, ഉപഭോക്തൃ കാര്യ, ഭക്ഷ്യ, പൊതുവിതരണ മന്ത്രി, സ്ത്രീ ശാക്തീകരണത്തിന് G20 നൽകുന്ന ഊന്നലിനെ ഇന്ത്യ പിന്തുണയ്ക്കുന്നുവെന്ന് അഭിപ്രായപ്പെട്ടു. ലിംഗാധിഷ്ഠിത അക്രമങ്ങൾക്കെതിരെ ഭാഷ ഉൾപ്പെടുത്തണമെന്ന് ഇന്ത്യ ശക്തമായി വാദിക്കുകയും 'വിദൂര പ്രവർത്തന ക്രമീകരണങ്ങൾ' എന്നതിനെക്കുറിച്ചുള്ള ജി 20 യുടെ പുതിയ നയ ചട്ടക്കൂടിനെ പിന്തുണയ്ക്കുകയും ചെയ്തു.

വിനോദസഞ്ചാര മേഖലയുടെ വീണ്ടെടുപ്പിന്റെ പ്രാധാന്യം ഇന്ത്യ എടുത്തുകാണിച്ചതായി ശ്രീ ഗോയൽ കൂട്ടിച്ചേർത്തു. ക്രിയാത്മക സമ്പദ്‌വ്യവസ്ഥയിലും സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിലും ജി20യുടെ ശ്രദ്ധയെ ഇന്ത്യ സ്വാഗതം ചെയ്യുന്നു.

‘ഡാറ്റ ഫ്രീ ഫ്ലോ വിത്ത് ട്രസ്റ്റ്’ ആഖ്യാനത്തെ വിവിധ രാജ്യങ്ങൾക്കിടയിലുള്ള ഡാറ്റാ ഫ്ലോകളുമായി സന്തുലിതമാക്കേണ്ടതിന്റെയും വികസ്വര രാജ്യങ്ങളുടെ വികസന ആവശ്യകതകളെ ഉൾക്കൊള്ളുന്നവയാക്കി മാറ്റേണ്ടതിന്റെയും ആവശ്യകത ഇന്ത്യ ശക്തമായി അഭിപ്രായപ്പെട്ടതായി മന്ത്രി പറഞ്ഞു. 'വികസനത്തിനായുള്ള ഡാറ്റ'ഉപയോഗിക്കേണ്ടതിന്റെ പ്രാധാന്യത്തിന് ഇന്ത്യ ഊന്നൽ നൽകിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു

ജി20യിൽ ഇന്ത്യ എല്ലാ വികസ്വര രാജ്യങ്ങളുടെയും അഭിപ്രായത്തെ പ്രതിനിധീകരിക്കുന്നുവെന്ന് മന്ത്രി ഊന്നിപ്പറഞ്ഞു.

2020-ൽ സൗദി നേതൃത്വത്തോടുള്ള പ്രധാനമന്ത്രി മോദിയുടെ നിർദ്ദേശത്തെ തുടർന്നാണ് കഴിഞ്ഞ വർഷം കൊവിഡ്-19 സാഹചര്യത്തോട് അനുബന്ധിച്ചു ജി20 അസാധാരണമായ ഉച്ചകോടി വിളിച്ചത്.

ഈ വർഷം, അഫ്ഗാനിസ്ഥാനിലെ മാനുഷിക പ്രതിസന്ധിയെ അഭിസംബോധന ചെയ്യുന്നതിൽ ജി20 യുടെ സ്വാധീനം പ്രയോജനപ്പെടുത്തുന്നതിനാണ് ഇറ്റലി ഒരു പ്രത്യേക ഉച്ചകോടി വിളിച്ചുകൂട്ടിയത്. യുഎൻ ചാർട്ടറിലും മറ്റ് പ്രസക്തമായ അന്താരാഷ്ട്ര സംഘടനകളിലും പ്രതിപാദിച്ചിരിക്കുന്ന തത്വങ്ങൾക്കനുസരിച്ച്, മനുഷ്യാവകാശങ്ങളോടും മൗലിക സ്വാതന്ത്ര്യങ്ങളോടും, പ്രത്യേകിച്ച് അഫ്ഗാനിസ്ഥാനിലെ സ്ത്രീകൾ, കുട്ടികൾ, ന്യൂനപക്ഷങ്ങൾ, ദുർബലരായ ആളുകൾ എന്നിവരുടെ അവകാശങ്ങളോടുള്ള പരിഗണനയിലേക്ക് ജി20 ശ്രദ്ധ കേന്ദ്രീകരിച്ചു.

2022-30 നവംബർ 2023 കാലയളവിൽ ഇന്ത്യ ജി20 അധ്യക്ഷസ്ഥാനം ഏറ്റെടുക്കുമെന്നും ഈ വർഷം ഡിസംബറിൽ ട്രോയിക്കയിൽ പ്രവേശിക്കുമെന്നും ജി20 ഫോറത്തിൽ വികസ്വര രാജ്യങ്ങളുടെയും വളർന്നുവരുന്ന വിപണി സമ്പദ്‌വ്യവസ്ഥകളുടെയും പ്രശ്നങ്ങളിലും ആശങ്കകളിലും നേതൃത്വം വഹിക്കുമെന്നും ശ്രീ ഗോയൽ പറഞ്ഞു. .

റോം

ഒക്ടോബർ 29, 2021

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.